അപ്രസക്തവുമായ ചട്ടങ്ങളും നടപടിക്രമങ്ങളും കണ്ടെത്തുവാനും പരിഹാര മാർഗ്ഗങ്ങൾ കൈക്കൊള്ളുവാനും എല്ലാ വകുപ്പുകളോടും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ചില വകുപ്പുകളിൽ ഇക്കാര്യം സംബന്ധിച്ച് പഠനം നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി, സി) ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ഇക്കാര്യം സംബന്ധിച്ച് ചർച്ചയൊന്നും നടത്തിയിട്ടില്ല. ക്രിയാത്മകവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ സംഘടനാ പ്രതിനിധികൾക്ക് സർക്കാരിന് സമർപ്പിക്കാവുന്നതാണ്.

മെഡിക്കൽ കോളേജുകൾക്ക് വിദേശ നിർമ്മിത ഉപകരണങ്ങൾ വാങ്ങുന്നതിൽ നിയന്ത്രണം

* 116. [121] ശ്രീ. ഡി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ വിദേശ നിർമ്മിത ഉപകരണങ്ങൾ വാങ്ങുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണ് അതിനു കാരണം ;

(സി) ഇന്ത്യയിൽ ലഭ്യമല്ലാത്തതും എന്നാൽ മെഡിക്കൽ കോളേജുകൾക്ക് അത്യാവശ്യമായിരുന്നതുമായ സാധനങ്ങൾ വാങ്ങാൻ സർക്കാർ പക്കം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) വിദേശ നിർമ്മിത ഉപകരണങ്ങൾ മാത്രമല്ല എല്ലാവിധ ഉപകരണങ്ങൾ വാങ്ങുന്നതിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ലക്ഷക്കണക്കിന് രൂപ വില വരുന്ന ഉപകരണങ്ങൾ വാങ്ങിയിട്ട് അവ യഥാസമയം സ്ഥാപിക്കാതെയും ഉപയോഗിക്കാതെയും കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിലാണ് ഈ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്.

(സി) ഉപകരണങ്ങൾ വാങ്ങുന്നതിന് നിരോധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പക്കം സംവിധാനത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

മലബാർ പ്രദേശത്തെ ജോയിന്റ് വെരിഫിക്കേഷൻ

* 117. [122] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന, വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1977 ജനുവരി 1-ന് മുൻപ് മലബാർ പ്രദേശത്ത് കൈവശ കൃഷിക്കാരായി താമസിക്കുന്ന ആൾക്കാർക്ക് കൈവശാവകാശത്തെ സംബന്ധിച്ച് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയോ ;

(ബി) ഇല്ലെങ്കിൽ കാരണം എന്ത് ;

(സി) ഇതേ കാലയളവിൽ തിരു-കൊച്ചി മേഖലയിൽ ഉള്ള പ്രദേശത്തിന്റെ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയോ ;

(ഡി) എങ്കിൽ തിരുകൊച്ചി മേഖലയിലെ കൈവശ കൃഷിക്കാരെയും മലബാർ മേഖലയിലെ കൈവശ കൃഷിക്കാരെയും വേർതിരിച്ച് കാണുവാനുള്ള കാരണം വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. മുഹമ്മദീൻ) :

(എ യും ബി യും) പഴയ മലബാർ ഭാഗത്തെ റിസർവ് വനങ്ങളിൽ 1-1-1977-ന് മുൻപുള്ള കൈയേറ്റങ്ങൾ ഇല്ലാത്തതുകൊണ്ട് സംയുക്ത പരിശോധന ആവശ്യമായി വരുന്നില്ല. അതേ സമയം നിക്ഷിപ്ത വനമേഖലയിലെ ചില കൈവശാവകാശങ്ങളെ സംബന്ധിച്ചും മറ്റും വിവിധ ട്രിബ്യൂണലുകളിലും കോടതികളിലും കേസ്സുകൾ നിലവിലുണ്ട്. അത്തരം കേസ്സുകളിൽ സംയുക്ത പരിശോധനയുടെ ആവശ്യമില്ല. ട്രിബ്യൂണലുകളേയോ കോടതികളേയോ സമീപിക്കാത്ത കൈവശാവകാശവാദങ്ങൾ അംഗീകരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് 1-1-1977-നു മുൻപുള്ള റിസർവ് വനത്തിലെ കൈയേറ്റക്കാരുടെ കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നയം നിക്ഷിപ്ത വനങ്ങൾക്ക് ബാധകമല്ല.

(സി) പത്തനംതിട്ട ജില്ലയൊഴികെയുള്ള ജില്ലകളിൽ വെരിഫിക്കേഷൻ മിക്കവാറും പൂർത്തിയാക്കി.

(ഡി) (എ), (ബി) ചോദ്യങ്ങളിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

'ഹരിജൻ' എന്ന പേര്

* 118: [123] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമുദായത്തിന്റെ ഏറ്റവും പിന്നണിയിൽ കിടക്കുന്ന പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുന്ന ജനവിഭാഗത്തിന് രാഷ്ട്രപിതാവായ മഹാത്മജി നൽകിയ 'ഹരിജൻ' എന്ന പേര് എടുത്ത് കളഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) എസ്. എസ്. എൽ. സി. ബുക്കിലും ജാതി സർട്ടിഫിക്കറ്റിലും ഹരിജൻ എന്ന പേര് ഉപയോഗിക്കുന്നില്ല. സംസ്ഥാനത്തെ പട്ടിക ജാതിക്കാരുടെ വികസനവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പേരിൽ നിന്നും ഹരിജൻ എന്ന പദം ഒഴിവാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാരുടെ സംഘടനകളും, വ്യക്തികളും ഹരിജൻ എന്ന പദം അപകീർത്തികരമാണെന്ന് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരമാണ് ഈ മാറ്റം വരുത്തിയത്.

വിരാജ്പേട്ട പ്രദേശത്തെ മലയാളികൾ

* 119 [124] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കുടക് കുടകർക്ക്' എന്ന മുദ്രാവാക്യവുമായി മലയാളികളെ പുറത്താക്കാൻ കർണ്ണാടകക്കാർ സംഘടിതമായി വിരാജ്പേട്ട പ്രദേശത്തെ മലയാളികളെ മർദ്ദിക്കുകയും അവരുടെ സ്വത്തുക്കൾക്ക് നാശനഷ്ടം വരുത്തുകയും ചെയ്തതായ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് കർണ്ണാടക ഗവൺമെന്റുമായി ബന്ധപ്പെട്ട് അവിടെ കേരളീയ-കർണ്ണാടക സഹോദര മനഃസ്ഥിതി നിലനിർത്താൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly